# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.10/2350/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.10/2350/2023 തീയ്യതി: 04/12/2023

## മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ.കെ.കെ കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദു നാസർ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ.കെ, സീനിയർഗ്രേഡ് ഓഡിറ്റർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. യൂസഫ് കൊടിയേങ്ങൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മുരളീധരൻ നായർ.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ വിശ്വനാഥൻ എം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ അജയകുമാർ .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അസീസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ജാനിഫ് .കെ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു വിജയകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.സമീറ മഞ്ഞപുലാൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗോകുൽ. എ. എസ്(ഒഴൂർ സർക്കിൾ+പുൽപ്പറമ്പ് സർക്കിൾ)) | വി.ഇ.ഒ | 01-04-2022 | 30-07-2022 |
| ശ്രീമതി. ഗായത്രി. കെ. വി (പുൽപ്പറമ്പ് സർക്കിൾ) | വി.ഇ.ഒ | 05-08-2022 | 15-02-2023 |
| ശ്രീമതി.റിജിന(പുൽപ്പറമ്പ് സർക്കിൾ) | വി.ഇ.ഒ | 16-02-2023 | 31-03-2023 |
| ശ്രീ.സിദ്ധീക്ക്(ഒഴൂർ സർക്കിൾ) | വി.ഇ.ഒ | 05-08-2022 | 31-03-2023 |
| ഒഴിവ്(ഒഴൂർ സർക്കിൾ+പുൽപ്പറമ്പ് സർക്കിൾ) | വി.ഇ.ഒ | 31-07-2022 | 04-08-2022 |
| ശ്രീ.ശ്രീജേഷ്.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-02-2023 |
| ശ്രീമതി.അഞ്ജന സുനിൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 25-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മുൻ വർഷ നീക്കിയിരിപ്പ് തൻ വർഷ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-3 |
| 5 | ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വസ്തുനികുതി ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തുനികുതിയിനത്തിലുള്ള നീക്കിയിരിപ്പ് ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | B4 പ്രകാരമുള്ള നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വിമുക്തി ഗ്രാന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | എ.എഫ്.എസ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ലൈസൻസ് ഫീ കളക്ഷൻ എ.എഫ്.എസുായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-15 |
| 17 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-16 |
| 18 | സെക്യൂർഡ് ലോൺ ഇനത്തിൽ വ്യത്യാസം | 1-1-17 |
| 19 | ബാങ്ക് നീക്കിയിരിപ്പ് വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമപദ്ധതികൾ | 1-7 |
| 27 | ക്യാഷ് പരിശോധന | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം | 1-11 |
| 31 | തനത് ഫണ്ട് വരവ്-അവലോകനം | 1-12 |
| 32 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ അപാകത | 1-13 |
| 33 | തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ ദീർഘകാലത്തേക്ക് നിക്ഷേപിക്കുന്നു | 1-14 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 35 | ഫർണിച്ചർ വാങ്ങിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-16 |
| 36 | എസ്.എസ്.എ - സമ്പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-17 |
| 37 | സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി | 1-18 |
| 38 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 1-19 |
| 39 | വാഹന പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-20 |
| 40 | UPS ബാറ്ററി പർച്ചേസ് ചെയ്തത് - സ്റ്റോക്ക് വിവരം ലഭ്യമല്ല. | 1-21 |
| 41 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു | 1-22 |
| 42 | തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ – അപാകതകൾ | 1-23 |

| | | |
|---|---|---|
| 43 | കേസ് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-24 |
| 44 | എസ് സി പഠനമുറി- രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-25 |
| 45 | വാസ യോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കൽ:പദ്ധതി അപാകതകൾ | 1-26 |
| 46 | ഭിന്ന ശേഷി കലോൽസവം:പദ്ധതി അപാകതകൾ | 1-27 |
| 47 | ഹരിത കർമസേന:അപാകതകൾ | 1-28 |
| 48 | അലോപ്പതി മരുന്ന് വാങ്ങൽ. 135937രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-29 |
| 49 | പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമയി നടക്കുന്നില്ല. | 1-30 |
| 50 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-31 |
| 51 | ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9972 രൂപ തിരിച്ചടവാക്കി. | 1-32 |
| 52 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി&എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി: 04-12-2023

### 1-1-1 ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 മുൻ വർഷ നീക്കിയിരിപ്പ് തൻ വർഷ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

മുൻ വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള കനറാ ബാങ്കിലെ (A/C N0: 3786201000035) നീക്കിയിരിപ്പ് (40(b)) 1152401/- രൂപയാണ്. എന്നാൽ തൻ വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് (40(a)) പ്രകാരം ആയത് 1152406/- രൂപ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-3 സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ വ്യത്യാസം

B-4 പ്രകാരം സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് 5683838/- രൂപയാണ്.എന്നാൽ കേരള ഗ്രാമീൺ ബാങ്കിലെ ആയതിനുള്ള അക്കൗണ്ടിലെ (A/C N0:40649101084249) നീക്കിയിരിപ്പ് പ്രകാരം(RP40(b)) ആയത് 6744745/- രൂപയാണ്.

### 1-1-4 ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ (A/C N0:40649101084249) 31.03.2023 തീയതിയിലെ നീക്കിയിരിപ്പ് 6766198/-രൂപയാണ്. എന്നാൽ RP 40(b) പ്രകാരം ആയത് 6744745/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-5 വസ്തുനികുതി ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഇനത്തിൽ ഡി.സി.ബി പ്രകാരമുള്ള മുന്നിരിപ്പ് മുൻ വർഷ ബാലൻസുമായി(B-15) പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻ വർഷ എ.എഫ്.എസ് പ്രകാരം | ഡി.സി.ബി പ്രകാരം |
|---|---|---|
| റെസിഡൻഷ്യൽ | 181893 | 186645 |
| നോൺ റെസിഡൻഷ്യൽ | 36584 | 34078 |

## 1-1-6 വസ്തുനികുതിയിനത്തിലുള്ള നീക്കിയിരിപ്പ് ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

B-15 പ്രകാരം വസ്തുനികുതിയിനത്തിലുള്ള നീക്കിയിരിപ്പ് ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻ വർഷ എ.എഫ്.എസ് പ്രകാരം | ഡി.സി.ബി പ്രകാരം |
|---|---|---|
| റെസിഡൻഷ്യൽ (C) | 204279 | 194552 |
| റെസിഡൻഷ്യൽ (A) | 40723 | 38784 |
| നോൺ റെസിഡൻഷ്യൽ(c) | 77508 | 73817 |
| നോൺ റെസിഡൻഷ്യൽ(A) | 4035 | 3843 |

## 1-1-7 B4 പ്രകാരമുള്ള നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.

B-17 പ്രകാരം സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള എസ്.ബി.ഐ അക്കൗണ്ടിലെ നീക്കിയിരിപ്പ് 2445092/- രൂപയാണ്.എന്നാൽ B-4 പ്രകാരം ആയതിനുള്ള നീക്കിയിരിപ്പ് 2868017/- രൂപയാണ്.

## 1-1-8 വിമുക്തി ഗ്രാന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

B-4 പ്രകാരം വിമുക്തി ഗ്രാന്റ് 53324/- രൂപയാണ്. എന്നാൽ ആയതിന്റെ എസി.ആർ പരിശോധിച്ചത് പ്രകാരം നീക്കിയിരിപ്പ് 42074/- രൂപയാണ്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ആയതിന്റെ മൂല്യ നിർണ്ണയം നടത്തിയതിന്റേയോ ഡിപ്രീസിയേഷൻ നിശ്ചയിച്ചതിന്റേയോ രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

## 1-1-10 എ.എഫ്.എസ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

എ.എഫ്.എസ് (I-6) പ്രകാരം എസ്.സി.പി ഇനത്തിലുള്ള ചെലവ് 2921891/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ആയത് 2921831/- രൂപയാണ്. കാരണം വ്യക്തമാക്കിയിട്ടില്ല.

## 1-1-11 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നോൺ റോഡ് ഇനത്തിലുള്ള ചെലവ് 3780685/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ആയത് 3926740/- രൂപയാണ്

## 1-1-12 ഇൻവെസ്റ്റ്മെന്റ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

ഹാജരാക്കിയ ഇൻവെസ്റ്റ്മെന്റ് രസീതി പ്രകാരം ഇൻവെസ്റ്റ് മെന്റ് 3634065/- രൂപയാണ്.എന്നാൽ B-12 പ്രകാരം ആയത് 3882846/- രൂപയാണ്.

## 1-1-13 ലൈസൻസ് ഫീ കളക്ഷൻ എ.എഫ്.എസുായി പൊരുത്തപ്പെടുന്നില്ല

I-3 പ്രകാരം ലൈസൻസ് ഫീ ഫോർ ഫാക്ടറീസ് ,ട്രേഡ്സ് ഇനത്തിൽ ഡിമാന്റ് 119450/- രൂപയും Rp-45 പ്രകാരം ടി ഇനത്തിലുള്ള കളക്ഷൻ 93950/- രൂപയുമാണ്. എന്നാൽ B15 പ്രകാരം ഈ ഇനത്തിലുള്ള നീക്കിയിരിപ്പ് '0' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് രജിസ്റ്ററിൽ അഡ്വാൻസ് ആയി ലഭിച്ച തുക രേഖപ്പെടുത്താത്തതിനാൽ മുൻ വർഷത്തെ വാർഷിക കണക്ക് പ്രകാരം ഈ വർഷത്തേക്കുള്ള നീക്കിയിരിപ്പ് തുക വ്യക്തമല്ല.

## 1-1-14 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

B-7 പ്രകാരമുള്ള ചുവടെ കൊടുത്ത നീക്കിയിരിപ്പുകളുടെ വിവരങ്ങൾ ഒന്നും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഇനം | നീക്കിയിരിപ്പ് |
|---|---|

| | |
|---|---|
| കോൺട്രാക്ടേഴ്സ് ഏണസ്റ്റ് മണി ഡെപ്പോസിറ്റ് | 43188 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 13325 |
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2400 |
| ഇലക്ഷൻ ഡെപ്പോസിറ്റ് | 110000 |

### 1-1-15 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

RP-33 പ്രകാരം അദർ ഡെപ്പോസിറ്റ് ഇനത്തിൽ 10000/- രൂപയുടെ വരവ് ഉണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-16 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-5 പ്രകാരം സെക്യൂർഡ് ലോൺ ഇനത്തിൽ 10173552/- രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-17 സെക്യൂർഡ് ലോൺ ഇനത്തിൽ വ്യത്യാസം

330500201 നമ്പർ ലഡ്ജർ പ്രകാരം സെക്യൂർഡ് ലോൺ ഫ്രം കെ.യു.ആർ.ഡി.എഫ്.സി ഇനത്തിൽ ജി.ഒ പ്രൊജക്ടുകൾ വഴി ഡെബിറ്റ് ചെയ്തതത് കൂടാതെ 31.03.2023 തീയ്യതിയിൽ ജേണൽ വൗച്ചർ നം.42201011 പ്രകാരം 6655200/- രൂപ ഡെബിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ ക്രഡിറ്റ് വിവരം ലഭ്യമാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-18 ബാങ്ക് നീക്കിയിരിപ്പ് വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്കുകൾ പരിശോധിച്ചതിൽ 31.3.2023 ന് ബാങ്ക് അക്കൗണ്ടുകളിൽ ബാലൻസ് ഉള്ളതായി കാണപ്പെട്ടു. എന്നാൽ ടി- ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക കണക്കിൽ 40(b) യിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ബാങ്ക് | പാസ് ബുക്ക് പ്രകാരം 31.03.2023 തീയതിയിലെ ബാലൻസ് |
|---|---|
| കെ.ജി.ബി(40649101100981) (ആയുഷ് മിഷൻ) | 500000/- |
| കെ.ജി.ബി(40649101094352) (വാതിൽപ്പടി സേവനം) | 52432/- |
| കെ.ജി.ബി(40649101084461) (ശുചിത്വ മിഷൻ -പി.എഫ്.എം.എസ്.) | Nil |
| കനറാ ബാങ്ക് (110025427953) | Nil |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 2(1) /25.03.2022 | 1(1)/27.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 26059260 |
| വരവ് | 137919625 |
| ആകെ | 163978885 |
| ചെലവ് | 116328528 |
| നീക്കിയിരിപ്പ് | 47650357 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19773738 | 19773738 | 16784899 | 2988839 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 2585828 | 2585828 | 2248719 | 337109 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 7808700 | 7808700 | 4227286 | 3581414 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5804000 | 5804000 | 4018096 | 1785904 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8550792 | 8550792 | 5255324 | 3295468 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3884000 | 3884000 | 3751135 | 132865 |
| ബി ഫണ്ട് | 0 | 48992120 | 48992120 | 48992120 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 132978388 | 127 | 52715325 | . | 82 | 60.76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 293885 | 1371163 | 1665048 | 1355194 | 309854 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 20144759 | 20144759 | 20144759 | 0 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 293885 | 1371163 | 1665048 | 1355194 | 309854 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 20144759 | 20144759 | 20144759 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1165000 | 108 |
| വിധവാപെൻഷൻ | 14330000 | 1468 |
| വാർദ്ധക്യകാലപെൻഷൻ | 27884800 | 2832 |
| വികലാംഗപെൻഷൻ | 5030400 | 486 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 371200 | 37 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന13.10.2023 ന്

04.41 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2900/- രൂപയുടെ ക്യാഷ് ബാലൻസ് കണ്ട് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.വരവ് ചെലവ് കണക്കുകൾക്ക് ആധാരമായ രേഖകളും അനുബന്ധ റജിസ്റ്ററുകളായ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നതിലും യഥാസമയം അതാത് ഹെഡുകളിൽ ചെലവുകൾ ബുക്ക് ചെയ്യുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്. അക്കൗണ്ടന്റും മേൽ നോട്ടം വഹിക്കേണ്ടതായ സെക്രട്ടറിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. മോണിറ്ററിംഗ് ഫലപ്രദമല്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

3. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം, അവയുടെ ലൊക്കേഷൻ എന്നിവ നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

5. മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01/08/2022 മുതൽ 30/09/2022 വരെ | 21.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2010 | 2004-05 മുതൽ 2009-2010 വരെ | 24.09.2010 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഡെപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ (1) | സാമ്പത്തിക വർഷം (2) | പ്രോജക്ട് നമ്പർ (3) | പ്രോജക്ട് (4) | ഏജൻസി (5) | മുൻകൂർ നൽകിയ തുക (6) | ഫണ്ട് ഇനം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 2013-14 | 57/14 | തദ്ദേശഭരണ സ്ഥാപന ഓഫീസ് കെട്ടിടം വൈദ്യുതീകരണം | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 14,650 | Own Fund(CFC Basic Grant ) - 14,650 | |
| 2 | 2018-19 | 87/19 | പുന്നക്കപ്പാറ അങ്കൺവാടിക്ക് കുഴൽകിണർ | ഭൂജല വകുപ്പ് | 41,450 | Maintanance Fund(Non Road) – 41,450 | |
| 3 | 2019-20 | 271/20 | പുന്നക്കപ്പാറ അങ്കണവാടിക്ക് മോട്ടോർ സ്ഥാപിക്കൽ | ഭൂജല വകുപ്പ് | 80,000 | Maintanance Fund(Non Road) –80,000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 2019-20 | 307/20 | കുടുംബാരോഗ്യകേന്ദ്രത്തിൻറെ പുതിയ കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ മാറ്റുന്നതിന് കെ.എസ്.ഇ.ബി യിൽ അടവാക്കുന്ന തുക | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 48,190 | Maintanance Fund(Non Road) -48,190 | |
| 5 | 2021-22 | 198/22 | വെട്ടുകളം അങ്കണവാടിക്ക് കുഴൽകിണറും മോട്ടോറും സ്ഥാപിക്കൽ | ഭൂജല വകുപ്പ് | 2,035 | Own Fund(General) - 2,035 | |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെങ്കിൽ ടി വിവരം ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 01/10.10.2023)

## 1-12 തനത് ഫണ്ട് വരവ്-അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒഴൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ , ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ , വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**വസ്തു നികുതി**

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒഴൂർ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)18.05.2023 ലെ 2/2 ◌ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും എസ്1-4754/23 തിയ്യതി 29.05.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 30.05.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ,

റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 18.05.2023 ലെ 2/3,2/5 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി 08.06.2023 ന് ഇന്റർവ്യൂ നടത്തി പങ്കെടുത്ത 12 പേരെയും യോഗ്യരായതിനാൽ മേൽ പ്രവർത്തിക്ക് നിയമിച്ചിട്ടുണ്ട്.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 29.07.2023 തീയതിയിലെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് നിശ്ചയിച്ചിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 652 ഓളം 9Bഅപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഒഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വലിയ സ്ഥാപനങ്ങൾക്കുപോലും ഡിമാന്റ് നോട്ടീസ് നൽകുന്നുമില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. മുൻ വർഷ ധനകാര്യ പത്രിക പ്രകാരം ജീവനക്കാരിൽ നിന്ന് 818590/- രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് .എന്നാൽ തൻ വർഷം ആയത് 798690/- രൂപയായി കുറയുകയാണ് ചെ്തിട്ടുള്ളത്

**ലൈസൻസ് ഫീസ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. **എന്നാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസോ രജിസ്ട്രേഷനോ കൂടാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ കണ്ടു.(ഖണ്ഡിക 1-15 ൽ പ്രതിപാദിച്ചിട്ടുണ്ട്).**

## 1-13 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ അപാകത

ജീവനക്കാരുടെയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് 2022-2023 സാമ്പത്തിക വർഷത്തെ രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത കണക്കാക്കാൻ സാധിച്ചിട്ടില്ല.

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 13 | പോസ്റ്റ് ഓഫീസ്,ഒഴൂർ | ഒന്നാം പാദം&രണ്ടാം പാദം |
| 19 | പോസ്റ്റ് ഓഫീസ്,ഓമച്ചപ്പുഴ | ഒന്നാം പാദം&രണ്ടാം പാദം |
| 34 | ഗ്രാന്റ് ഇൻഡസ്ട്രീസ്, ഒഴൂർ | ഒന്നാം പാദം&രണ്ടാം പാദം |

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) എന്നിവ സംബന്ധിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഇ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കേണ്ടതാണ് . മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

2. തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി 27.11.98ൽ 46915/എൽ 2/97 നമ്പറിൽ എസ്.ബി.ടി മാനേജർക്ക് അയച്ച കത്ത് പ്രകാരം ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾക്ക് പ്രത്യേകം തൊഴിൽ നികുതി ഒടുക്കേണ്ടതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് ഡിമാന്റ് രജിസ്റ്റർ

സൂക്ഷിക്കേണ്ടതുമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ഒഴൂർ സർവ്വീസ് സഹകരണ ബാങ്കിന് 3 ബ്രാഞ്ചുകൾ ഉണ്ടെങ്കിലും ഒരു സ്ഥാപനത്തിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് . സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ മൂന്ന് ബ്രാഞ്ചുകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | തിരൂർ ഫാർമേഴ്സ് ക്രഡിറ്റ് | ഒന്നാം പാദം&രണ്ടാം പാദം |
| 2 | കേരള ഗ്രാമീൺ ബാങ്ക് | ഒന്നാം പാദം&രണ്ടാം പാദം |
| 3 | പ്രിയം ന്യൂടിമിക്സ് | ഒന്നാം പാദം&രണ്ടാം പാദം |
| 4 | ഗ്രാന്റ് ഇൻഡസ്ട്രീസ്, ഒഴൂർ | ഒന്നാം പാദം&രണ്ടാം പാദം |

മേൽ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവിയോട് ചട്ടം 10 പ്രകാരം റിട്ടേൺ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണവും അറിയിക്കേണ്ടതാണ്

4 . കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ,മറ്റ് പ്രൊഫഷനലുകൾ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനെടുത്ത നടപടികൾ അറിയിക്കേണ്ടതാണ്.മേൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം13/16.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ ദീർഘകാലത്തേക്ക് നിക്ഷേപിക്കുന്നു

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിന വേണ്ടി കനറാ ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-3786201000035) 01.04.22 ന് 1152406/- രൂപ മുൻബാക്കിയും 31.3.2023 ന് 1992135/- രൂപ നീക്കിയിരിപ്പും ഉണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക ദീർഘ കാലത്തേക്ക് നിലനിർത്തുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ വരുമാന നഷ്ടത്തിന് കാരണമാകുന്നു.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/16.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. കൂടാതെ 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം-8 പ്രകാരം മെഡിക്കൽ ഓഫീസറുടെ സമ്മത പത്രത്തോടെ ലൈസൻസ് എടുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ 2022-2023 വർഷത്തിൽ സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ വരവൊന്നും ഇല്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം യൂണിറ്റി ഡെന്റൽ ക്ലിനിക് എന്ന സ്ഥാപനം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.കൂടാതെ പഞ്ചായത്ത് പരിധിയിൽ ഒഴൂരിൽ സ്മൈൽ ക്രാഫ്റ്റ് ഡെന്റൽ ക്ലിനിക് എന്ന സ്ഥാപനവും വെള്ളച്ചാലിൽ പൾസ് പോളി ക്ലിനിക് എന്ന സ്ഥാപനവും പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ സ്ഥാപനങ്ങൾ ഫാക്ടറി വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസോ, ചട്ട പ്രകാരം സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്ട്രേഷനോ എടുത്തിട്ടില്ല എന്ന് കണ്ടു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/16.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്താണ് പ്രവർത്തിക്കുന്നത് എന്നത് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഫർണിച്ചർ വാങ്ങിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ കാഡ്കോ- യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകൾ അവയുടെ വില എന്നിവ വ്യക്തമാക്കി ജി.ഒ(ആർ.ടി) 73/2022/എസ്.പി.ഡി തിയ്യതി 02.11.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ കാഡ്കോ നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം കാഡ്കോ മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതിയിൽ മേൽ ഉത്തരവ് പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 165/23 -ഗവ സ്കൂളിലേക്ക് ഫർണ്ണീച്ചർ

അടങ്കൽ-486109 (എം.ജി-നോൺ റോഡ്)

213891 (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്- 199990(എം.ജി-നോൺ റോഡ്)

ബിൽ നം.-2215055204080149843З/17.03.23- 199990/-

മേൽ പദ്ധതി പ്രകാരം കാഡ്കോയിൽ നിന്നും (ഇൻവോയിസ് നം. എൻ.ആർ.ഒ/22-23തീ. 24.03.23) താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | ഹാർഡ് വുഡ് ടേബ്ൾ 180*60*75 Cm With 3 Drawing Mahagony Wood | 15 @11999.42 | 179991.3 |
| 2 | ഹൈ ബാക്ക് റിവോൾവിംഗ് ചെയർ-കുഷ്യൻഡ് സീറ്റ് ആന്റ് ബാക്ക് ഹൈഡ്രോളിക് ലിഫ്റ്റ് | 1 @5084 | 5999.12 |
| 3 | ഹാർഡ് വുഡ് ടേബ്ൾ 120*75*75 Cm With 1 Drawer And One Cupboard-Mahagony Wood | 1 @11864 | 13999.52 |
| | ആകെ | | 199990 |

മേൽ പദ്ധതികളിൽ ക്രമ നമ്പർ 3 പ്രകാരം വാങ്ങിയ സാധനങ്ങൾ ഒഴികെയുള്ളവ ടെണ്ടർ കൂടാതെ കാഡ്കോ- യിൽ നിന്ന് വാങ്ങുന്നതിന് അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ കാഡ്കോ ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/16.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ക്രമ നമ്പർ 3 പ്രകാരമുള്ള ഹാർഡ് വുഡ് ടേബ്ൾ വാങ്ങുന്നതിന് ചെലഴിച്ചതൊഴികെയുള്ള ചെലവ് തുക 185990/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 എസ്.എസ്.എ - സമ്പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹിച്ച എസ് എസ്എ വിഹിതം നൽകൽ ( 1/23) പദ്ധതിക്കായി 630000/- രൂപ (വൗച്ചർ നമ്പർ XVFC/2022-23/p/63-13.10.2022) കേരള സർവ്വ ശിക്ഷ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. സ.ഉ(കൈ)84 /2022/തസ്വഭവ തിയ്യതി 19.04.2022 , പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ - ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്നിവയുടെ വിശദ വിവരങ്ങൾ കേരള

സർവ്വ ശിക്ഷ പ്രോജക്ട് ഓഫീസർ അതതു തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ പ്രകാരമുള്ള വിശദമായ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/16.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക-630000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ലൈസൻസ് നൽകിയ ചില സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിലെ ഉപയോഗക്രമവുമായി പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടു.വിശദവിവരം ചുവടെ കൊടുക്കുന്നു.

1. 3/31 എന്ന് നമ്പറിട്ട കടമുറി അശ്വിൻ കെ.പി എന്ന വ്യക്തിക്ക് വർക് ഷോപ്പ് നടത്തുവാനും (ലൈസൻസ് നമ്പർ:B3/69 /22-01.08.2022) 14/258 എന്ന് നമ്പറിട്ട കടമുറി മൊയ്തീൻ കുട്ടി എന്ന വ്യക്തിക്ക് കച്ചവടം നടത്തുവാനും(ലൈസൻസ് നമ്പർ:B3/2200/22-01.09.2022) ലൈസൻസ് നൽകിയിട്ടുണ്ട്.എന്നാൽ സഞ്ചയ പ്രകാരം മേൽ നമ്പറിട്ട കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായുള്ളതാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. 18/22 എന്ന് നമ്പറിട്ട കടമുറിയിൽ പൈകാട്ടിൽ വിശ്വനാഥൻ എന്ന വ്യക്തി പൈകാട്ടിൽ റൈസ് & ഫ്ലോർ മിൽ എന്ന സ്ഥാപനം നടത്താനും (ലൈസൻസ് നമ്പർ: B3-1387/22) 3/505 എന്ന് നമ്പറിട്ട കടമുറിയിൽ ബൈജു എന്ന വ്യക്തിക്ക് ഇൻഡസ്ട്രീസ് നടത്തുവാനും (ലൈസൻസ് നമ്പർ: B3-1119/22-27.04.2022) ലൈസൻസ് നൽകിയിട്ടുണ്ട്.മേൽ കടമുറികൾക്ക് ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിക്കേണ്ടത്. എന്നാൽ സഞ്ചയ പ്രകാരം മേൽ നമ്പറിട്ട കടമുറികൾക്ക് കൈത്തറി ഷെഡ്,കയർപിരി ഷെഡ് ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്.

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.എന്നാൽ മേൽ സ്ഥാപനങ്ങളുടെ കാര്യത്തിൽ ആയത് ഉണ്ടായിട്ടില്ല. ആയതിൻമേൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/16.10.2023, 12/16.10.2023 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ജയയിൽ മാറ്റം വരുത്തി ആയത് പ്രകാരമുള്ള വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസി. എഞ്ചിനിയറുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ട് സെക്രട്ടറി കൈമാറുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക, ടെണ്ടറിന്റെ ഭാഗമായി ലഭിക്കുന്ന ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ പണം വരവ് വരുന്നുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ (പണമിടപാടുകൾ) കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ എൻട്രി വരുത്താത്തതിനാൽ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ ഏതിനത്തിലുള്ളതാണെന്ന് തിരിച്ചറിയാൻ പ്രയാസം വരുന്നു.

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തുന്നില്ല.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നം. 19/16-10-2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേലിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വാഹന പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തീ.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**1. വാഹനങ്ങളുടെ ഉപയോഗം**

A) വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ. ഔദ്യോഗിക നിലയിലുള്ള ക്ഷണം അനുസരിച്ച് പങ്കെടുക്കുന്ന പരിപാടികൾ,സ്വീകരണങ്ങൾ മുതലായവ. യാത്രാ ബത്തക്കോ വാഹന ബത്തക്കോ അർഹതയില്ലാത്ത വ്യക്തികളെ ഏതെങ്കിലും ഔദ്യോഗിക പരിപാടികളിലോ യോഗങ്ങളിലോ പങ്കെടുക്കുന്നതിന് കൊണ്ടുപോകുകയും തിരികെ

കൊണ്ടുവരികയും ചെയ്യുന്ന യാത്രകൾ ,ജോലി സ്ഥലത്തിന് പുറത്ത് നടക്കുന്നതോ ജോലി സമയത്തിന് മുമ്പും ശേഷവും നടക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടിയുള്ള യാത്രകൾ, പെട്ടെന്നുള്ള രോഗ ബാധ / അപകടം കാരണം ഏതെങ്കിലും ഓഫീസറെ വീട്ടിലേക്കോ ആശുപത്രിയിലേക്കും കൊണ്ടുപോകുന്നതിനും തിരിച്ചുമുള്ള യാത്രകൾ, സ്ഥല പരിശോധന യാത്രകൾ. ഇത്തരം യാത്രകളാണ് ഔദ്യോഗിക യാത്രകളായി കണക്കാക്കാവുന്നത്.

B)സർക്കുലർ നം.62092/ഇ.എം2/07 ത.സ്വഭ.വ തി.13.06.2009 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് സ്ഥാപന പരിധിയിലെ വാസ ഗ്രഹത്തിൽ നിന്ന് ഓഫീസിലേക്കും തിരികെയും ഒരു പ്രാവശ്യം യാത്ര ചെയ്യുവാൻ ഔദ്യോഗിക വാഹനം ഉപയോഗിക്കാവുന്നതാണ്.സെക്രട്ടറിമാർ വാസ ഗ്രഹത്തിൽ നിന്ന് ഓഫീസിൽ വരുന്നതിനും തിരികെ പോകുന്നതിനും ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ പാടില്ല.

C)സർക്കാർ ഉത്തരവ് നം.3292/2012/തസ്വഭവ തി.30.11.2012 പ്രകാരം പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനങ്ങളുടെ സ്ഥിരം ഡ്രൈവർ അവധിയിലായിരിക്കുമ്പോൾ പകരം ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്ത് ബിൽ നൽകുന്നതിന് ട്രഷറിയിലേക്ക പോവുന്നതിനും തിരികെ വരുന്നതിനും വാഹനം ഉപയോഗിക്കുന്നതായികണ്ടു. ( ഉദാ:-04.05.22, 03.09.2022 തിയ്യതികളിലെ യാത്ര) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഔദ്യോഗിക യാത്രകൾക്കല്ലാതെയുള്ള വാഹന ഉപയോഗം ഒഴിവാക്കേണ്ടതാണ്.

**2. ലോഗ് ബുക്ക്**

*വാഹനത്തിന്റെ ഉപയോഗം രേഖപ്പെടുത്തുന്നതിന് നിശ്ചിത മാതൃകയിൽ ഉള്ള മെഷീൻ നമ്പർ രേഖപ്പെടുത്തിയ ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.ഓരോ യാത്രക്ക് മുമ്പും ഡ്രൈവറുടെ കൈവശം ലോഗ്ബുക്ക് ഉണ്ടായിരിക്കേണ്ടതാണ്. ഓരോ ദിവസം അവസാനിക്കുമ്പോഴോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസം രാവിലെയോ ലോഗ്ബുക്ക് നിയന്ത്രണാധികാരിക്ക് സമർപ്പിക്കേണ്ടതും ആവശ്യമുള്ള സാക്ഷ്യപ്പെടുത്തലുകൾ വാങ്ങി തിരികെ വാഹനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

* ഓരോ ട്രിപ്പിനും പ്രത്യേകം എൻട്രി നടത്തേണ്ടതാണ്.ഓരോ ട്രിപ്പ് നടത്തുമ്പോഴും 9 മുതൽ 13 വരെയുള്ള കോളങ്ങൾ പൂരിപ്പിക്കേണ്ടതാണ്. രേഖപ്പെടുത്തലുകൾ യാത്ര നടത്തുന്ന വ്യക്തി ചെയ്യേണ്ടതാണ്.

* യാത്ര ചെയ്ത ദൂരം ഉറപ്പാക്കിയതിന് ശേഷം രേഖപ്പെടുത്തൽ നടത്തുന്നയാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

*ഓരോ കോളത്തിനു കീഴിലുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

*ഓരോ മാസാവസാനവും ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്.

*കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപോഗം ക്രമപ്രകാരമാണോ എന്ന് ബോധ്യപ്പെടേണ്ടതും പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

* അവസാന യാത്ര നടത്തിയത് മുതൽ 5 വർഷം വരെ ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ യാത്രയെ സംബന്ധിച്ച് എന്തെങ്കിലും ഓഡിറ്റ് തടസ്സം ഉണ്ടെങ്കിൽ ആയത് തീർപ്പാക്കുന്നത് വരെ സൂക്ഷിക്കേണ്ടതുമാണ്.

ലോഗ് ബുക്കിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. പല യാത്രകളുടെയും Purpose എന്താണെന്ന വ്യക്തമാക്കിയിട്ടില്ല. സ്ഥലം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (ഉദാ;-06.02.23 ,13.03.2023 തിയ്യതികളിലെ യാത്ര)

2. പല യാത്രകളും യാത്രചെയ്യുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ;-14.09.2022,16.09.2022, 17.09.2022 , 01.11-2022 മുതൽ 31.12 2022 വരെയുള്ള കാലയളവിലെ വിവിധ യാത്രകൾ )

3. ലോഗ്ബുക്ക് പേജ് നമ്പർ 213 മുതൽ 227 വരെ വാഹനം ഓടിയ കിലോമീറ്റർ പോലും രേഖപ്പെടുത്തിയിട്ടില്ല. യാത്രകൾ ചെയ്ത ഓഫീസർമാർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

4. ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ പരിശോധനാ വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

**3) ഇന്ധന ഉപയോഗത്തിന്റെ പരിശോധന**

* ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പൂർണ്ണ ശേഷിയുടെ അത്രയും ഇന്ധനം നിറക്കേണ്ടതാണ്.

* തിയ്യതി,ഇന്ധനത്തിന്റെ ആകെ അളവ്,ടാങ്കിന്റെ പരാമാവധി ശേഷിയിൽ ഇന്ധനം നിറക്കുമ്പോഴുള്ള കിലോമീറ്റർ ,ടാങ്ക് നിറക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും, ഒപ്പം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും, ഒപ്പം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

* വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

* സ.ഉ(പി)നം. 819/2000 ഫിൻ 18.04.2000പ്രകാരം കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ സർക്കാർ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെ തേഡ് പാർട്ടി ഇൻഷൂറൻസ് കവറേജ് ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിൽ ഇൻഷൂറൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ കാണിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറി (നം.24 /22-23/17.10.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-21 UPS ബാറ്ററി പർച്ചേസ് ചെയ്തത് - സ്റ്റോക്ക് വിവരം ലഭ്യമല്ല.

പ്രോജക്ട് : 93/23 പഞ്ചായത്ത് ഓഫീസിലേക്ക് UPS Battery വാങ്ങൽ

അടങ്കൽ : 234000/- (Own Fund)

ചെലവ് : 78400/- (വൗച്ചർ നമ്പർ 42200779/31.03.2023)

സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലേക്ക് UPSനായി 5 ബാറ്ററികൾ , തനത് ഫണ്ടിൽ നിന്നും 78400/- രൂപക്ക് പർച്ചേസ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പർച്ചേസ് ചെയ്ത ബാറ്ററികൾ സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കേണ്ടതാണ്. നിലവിൽ ഉപയോഗത്തിലുണ്ടായിരുന്ന ബാറ്ററികളുടെ നിലവിലെ വിവരം അറിയിക്കേണ്ടതാണ്.

3. ബാറ്ററികൾ പർച്ചേസ് ചെയ്തത് ക്വട്ടേഷൻ നടപടികളിലൂടെയാണ് .ആയതിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിവരവും ക്വാട്ട് ചെയ്ത വിലയുടെ വിവരവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് | റിമാർക്സ് |
|---|---|---|---|
| 1 | സെൻസ്റ്റർ പവർ സൊലൂഷൻ ലിമിറ്റഡ് , കോഴിക്കോട് | എക്സൈഡ് ബാറ്ററി - 78400 | 4 വർഷ വാറണ്ടി |
| 2 | എക്സൈഡ് പവർ സെന്റർ | എക്സൈഡ് ബാറ്ററി - 78500 | 4 വർഷ വാറണ്ടി |
| 3 | പവർ സെന്റർ | ആരോൺ ബാറ്ററി 75000 | 5 വർഷ വാറണ്ടി |

പഞ്ചായത്ത് ഭരണ സമിതിയുടെ 21.03.2023 ലെ 1/2നമ്പർ തീരുമാന പ്രകാരം ക്രമ നമ്പർ 1 പ്രകാരമുള്ള ബാറ്ററിയാണ് വാങ്ങാൻ നിശ്ചയിച്ചത്. എന്നാൽ 5 വർഷം വാറണ്ടിയുള്ളതും കുറഞ്ഞ തുക ക്വാട്ട് ചെയ്തതുമായ ക്രമ നമ്പർ 3 പ്രകാരമുള്ള ബാറ്ററി ഒഴിവാക്കി 4 വർഷ വാറണ്ടിയുള്ള ക്രമ നമ്പർ 1 പ്രകാരമുള്ള ബാറ്ററി തെരെഞ്ഞെടുക്കുന്നതിന് ഗുണ നിലവാരമുള്ളതും ദീർഘകാല ഉപയോഗ യോഗ്യമായതും എന്നതിന്റെ അടിസ്ഥാനത്തിൽ എന്ന കാരണമാണ് ഭരണ സമിതി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ആയത് സംബന്ധിച്ച് ടെക്നിക്കൽ പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല . ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 04/13.10.2023 ക്ക് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ പഞ്ചായത്ത് നാളിതുവരെ GeM ൽ രജിസ്റ്റർ ചെയ്തില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി വാക്കാൽ മറുപടി നൽകിയത്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതും അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ആയതു വരെ ചെലവു തുക 74800 രൂപ തടസ്സം ചെയ്യുന്നു.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. 2022-23 വർഷത്തിൽ പ്രോജക്ട് **192/23** പ്രകാരം മണലിപ്പുഴ ആരോഗ്യ ഉപകേന്ദ്ര കെട്ടിട നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന വൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി താന്നൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റിന്റെ (DB/DW/2022-23/TNRE-50/Dt 02.07.2022) അടിസ്ഥാനത്തിൽ മെയിന്റനൻസ് നോൺറോഡ് ഫണ്ടിനത്തിൽ നിന്നും ₹56770 രൂപ (Bill Reference No. 22150552005800462070 Dated 26.08.2022) കെ എസ് ഇ ബി ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം ,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം , എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/13.10.2023 )മറുപടി ലഭ്യമാക്കിയില്ല. തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം ,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം , എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹56770 രൂപ തടസ്സം ചെയ്യുന്നു.

## 1-23 തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം. 30/23 തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ

അടങ്കൽ തുക – ₹5,85,000 രൂപ (വികസന ഫണ്ട് ജനറൽ)

ബിൽ നം. 22150552005800064396/29.04.2022 (350000)

ബിൽ നം. 22150552005800717086/01.11.2022 (212172)

2022-23 ൽ സെക്രട്ടറി നിർവ്വഹണം ചെയ്ത 30/23 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ പദ്ധതി പ്രകാരം എം ക്യൂബ് അസോസിയേറ്റ്സ് പാലക്കാട് എന്ന സ്ഥാപനത്തിന് 983 തെരുവു വിളക്കുകൾ സ്ഥാപിച്ചതിന് മേൽ ബില്ലുകൾ പ്രകാരം പാർട്ട് ബിൽ ആയി 562172/- രൂപ നൽകിയിട്ടുണ്ട് . ജി എസ് ടി -ടി ഡി എസ് ഇനത്തിൽ 11698/- രൂപയും, ഇൻകംടാക്സ് - ടി ഡി എസ് ഇനത്തിൽ 5849/- രൂപയും കുറവ് ചെയ്ത് 5,44,625/- രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം 18 Watts ഉള്ള LED ബൾബും അനുബന്ധ ഉപകരണങ്ങളും ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ ഒരു വർഷത്തേക്ക് മെയിന്റനൻസ് അടക്കം 595 /- രൂപയാണ് സ്ഥാപനം ക്വാട്ട് ചെയ്തിട്ടുള്ളത്.

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 17 വാർഡുകളിലേക്ക് 54 ലൈറ്റുകളും ഒരു വാർഡിൽ 56 ലൈറ്റുകളും സ്ഥാപിച്ചതായാണ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമാവുന്നത്. എത്ര തെരുവു വിളക്കുകളാണ് റിപ്പയർ ചെയ്യാനുണ്ടായിരുന്നത് എന്നതിന്റെ വാർഡു തിരിച്ച വിവരം ലഭ്യമല്ല.

2. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് , വിവരം നൽകുന്ന ആളിന്റെ പേര് ഫോൺനമ്പർ , അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). ഇത്തരത്തിലുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. എം ക്യൂബ് അസോസിയേറ്റ്സിന്റെ ബിൽ പ്രകാരം 983 ബൾബുകളാണ് വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ വിവിധ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രം പരിശോധിച്ചതിൽ 974 ബൾബുകളാണ് സ്ഥാപിച്ചതെന്നാണ് വ്യക്തമാവുന്നത്. 9 ബൾബുകൾ എവിടെയാണ് സ്ഥാപിച്ചതെന്ന് വ്യക്തമല്ല. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ഒരു വാർഡിലേക്ക് അധികമായി 9ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി വാക്കാൽ അറിയിച്ചെങ്കിലും ആയത് ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥപിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല . മാത്രമല്ല 983 ബൾബുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

4. 1961-ലെ ഇൻകം ടാക്സ് ആക്ട് , സെക്ഷൻ 194 പ്രകാരം വ്യക്തിക്കോ/ഹിന്ദു കൂട്ടുകുടുംബത്തിന്റെ പേരിലോ തുക നൽകുമ്പോൾ 1ശതമാനം ടി.ഡി.എസ്. ഇനത്തിൽ ഈടാക്കേണ്ടതാണ്. മറ്റുള്ളവർക്ക് 2 ശതമാനം ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. മേൽ സ്ഥാപനത്തിനു തുക നൽകിയപ്പോൾ 2% IT TDS ഈടാക്കുന്നതിനു പകരം 1% IT TDS ഈടാക്കിയതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേതും അനബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 6/13.10.2023 ) മറുപടി ലഭ്യമാക്കിയില്ല . അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 562172/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 കേസ് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

വൗച്ചർ നമ്പർ 22200305/24.08.2022 പ്രകാരം വക്കീൽ ഫീസിനത്തിൽ കേസ് നമ്പർ SA2/2016 ന് 15000/- രൂപ

നൽകിയതായി കാണുന്നു. സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ആയതിന്റെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കേസ് ഫയൽ ലഭ്യമാക്കിയത് പരിശോധിച്ചതിൽ ടി കേസ് 2015 ന് കോടതി തീർപ്പു കൽപ്പിച്ചതായി കാണുന്നു. ആയതിനാൽ വക്കീൽ ഫീസ് നൽകിയത് ഏതു കേസിനാണെന്ന വിവരം സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി, കേസ് ഫയൽ , തുകയുടെ കൈപ്പറ്റ് വിവരം എന്നിവ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 7/13.10.2023) ക്ക് മേൽ കേസിൽ എതിർകക്ഷി അപ്പീൽ പോയത് പ്രകാരം കേസ് നടത്തിയതിനാണ് വക്കീൽ ഫീസ് നൽകിയതെന്ന് അറിയിച്ച വക്കീൽ നൽകിയ കൈപ്പറ്റ് രശീതി ലഭ്യമാക്കുകയും ചെയ്തു. എന്നാൽ കേസ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കേസ് ഫയലിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-25 എസ് സി പഠനമുറി- രജിസ്റ്റർ സൂക്ഷിക്കുന്നില്ല

എസ് സി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവു തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 107 പഠനമുറി നിർമ്മാണം | 155000 (വികസന ഫണ്ട് എസ് സി പി ) | 40000 | സ്പിൽ ഓവർ പദ്ധതി ഒരാൾക്ക് അവസാന ഗഡു തുക നൽകി |
| 2 | 108 പഠനമുറി നിർമ്മാണം | 375000 (വികസന ഫണ്ട് എസ് സി പി ) | 150000 | മൂന്നു ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക 50000/-രൂപ വീതം നൽകി |
| 3 | 106 പഠനമുറി നിർമ്മാണം | 80000 (വികസന ഫണ്ട് എസ് സി പി ) | 00 | പദ്ധതി നിർവ്വഹണം ചെയ്തിട്ടില്ല. |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ക്രമ നമ്പർ 1 ,3 എന്നിവ സ്പിൽ ഓവർ പദ്ധതികളാണ്. ആയതിലെ അടങ്കൽ തുകകൾ പ്രകാരം ഇനിയും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ ഉള്ളതായാണ് മനസ്സിലാവുന്നത്. ഏതെല്ലാം ഗുണഭോക്താക്കളാണ് നിലവിലും പ്രവൃത്തി പൂർത്തീകരിക്കാത്തതെന്നതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2. ക്രമ നമ്പർ 2 പദ്ധതി പ്രകാരം മൂന്നു ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക നൽകിയിട്ടുണ്ട് . ടി ഗുണഭോക്താക്കൾ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്. മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 08/13.10.2023 ) മറുപടി ലഭ്യമാക്കിയില്ല. എസ് സി പഠനമുറി നിർമ്മാണത്തിനായി മുൻകൂർ തുക കൈപ്പറ്റി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകേണ്ടതും അല്ലാത്ത പക്ഷം തുക തിരിച്ചടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 വാസ യോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കൽ:പദ്ധതി അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | വാസ യോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കൽ (സ്പിൽ ഓവർ) |
| **പ്രൊജക്ട് നം.** | 89/23 |
| **നിർവഹണം** | വി.ഇ.ഒ |
| അടങ്കൽ | 550000 |
| **ചെലവ്** | 4,00,000 |
| **ബിൽ റെഫ. നം./തിയതി** | 22150552040700203307/15.6.22 തുക: 50,000 |
| **ഫണ്ട്** | എസ് സി പി |

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി ശ്രീമതി നീലി (വാർഡ് 13 ) എന്ന ഗുണഭോക്താവിനു മേൽ ബിൽ റെഫ. നം. പ്രകാരം വാസ യോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കുന്നതിനായി ഉള്ള അവസാന ഗഡു ഇനത്തിൽ 50,000 രൂപ നല്കിയെങ്കിലും ഓഡിറ്റിനു ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന

അപാകതകൾ ഉണ്ട്. [സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 മാർഗ്ഗരേഖ ഖണ്ഡിക 6.7.4 കാണുക]

1. അവസാന ഘട്ടം പൂർത്തിയാക്കിയതായി കാണിക്കുന്ന അസി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല.
2. മാർഗരേഖ പ്രകാരം ഗുണഭോക്താവ് തയാറാക്കി നല്കുന്ന റഫ് എസ്റ്റിമേറ്റ്(68,500 രൂപ) ബന്ധപ്പെട്ട ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്ന നിർദേശമുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.
3. ഗുണഭോക്താവുമായുള്ള കരാർ പത്രികയുടെ ഫോർമാറ്റ് ഫയലിൽ സൂക്ഷിച്ചതല്ലാതെ കരാറിൽ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4. വിവിധ പദ്ധതികളുടെ വരവ്-ചെലവ് വിവരം, ഫണ്ട് ഉറവിടം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ട പ്രൊജക്ട് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ എൻക്വയറി നം. 17/16-10-2023 ന മറുപടി ലഭ്യമായിട്ടില്ല. 50000 രൂപ തടസത്തിൽ വെക്കുന്നു.

## 1-27 ഭിന്ന ശേഷി കലോൽസവം:പദ്ധതി അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | ഭിന്ന ശേഷി കലോൽസവം |
| **പ്രൊജക്ട് നം.** | 153/23 |
| **നിർവഹണം** | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 75000 |
| **ചെലവ്** | 64030 |
| **തുക/ ബിൽ റെഫ. നം./തിയതി** | A)10800/22150552040601243324 /15.6.22 B)53230/22150552040600919382 /16.12.22 |
| **ഫണ്ട്** | വികസന ഫണ്ട് പൊതു വിഭാഗം |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി ബിസ്മില്ലാ കെയർ വെള്ളച്ചാൽ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 1660 തി 5.12.22 പ്രകാരം 12500 രൂപ നല്കി മൊമെന്റോ 100 എണ്ണം (7500 രൂപ), മൊമെന്റോ സ്റ്റിക്കർ 100 എണ്ണം (2500 രൂപ) ബാഡ്ജ് 70 എണ്ണം (1890 രൂപ) തുടങ്ങിയ 8 ഇനങ്ങൾ വാങ്ങിയിട്ടുണ്ട്(ബിൽ റെഫ. നം. 53230/22150552040600919382/16.12.22). ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ഹാജറാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതായി സാക്ഷ്യപ്പെടുത്തുകയോ മേൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കുകയോ ചെയ്തിട്ടില്ല
2. വിതരണ / ബാലൻസ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.
3. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ടു നല്കിയ എൻക്വയറി നം. 22/16-10-2023 ന മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഹരിത കർമസേന:അപാകതകൾ

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ്,എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017 /ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ

പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

ഓഡിറ്റ് വർഷത്തിൽ ഹരിത കർമ്മസേനക്ക് വേണ്ടി താഴെ പറയും പ്രകാരമുള്ള പ്രൊജക്ടുകൾ പ്രകാരം 7,63,713 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 15/23പാഴ് വസ്തുക്കൾ എം സി എഫിലെത്തിക്കുന്നതിന് വാഹന വാടക നൽകൽ | 122000 CFC 40000 Own Fund | 122000 |
| 3 | 25/23,താത്ക്കാലിക എം സി എഫ് ഷെഡ് വാടക | 240000 CFC | 87488 |
| 4 | 104/23(SO),ഹരിത കർമ്മസേനയുടെ അച്ചടി ചെലവുകൾ | 50000 സംസ്ഥാനാവിഷ്കൃത ഫണ്ട് | 12275 |
| 5 | 14/23, മാലിന്യങ്ങൾ സുരക്ഷിതമായി കയ്യൊഴിയൽ | 1469100 CFC | 541950 |
| ആകെ | | | **763713** |

ഒഴൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 18 വാർഡുകളുള്ളതിൽ തുടക്കത്തിൽ 21 ഉം നിലവിൽ 25 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കേരള ഗ്രാമീൺ ബാങ്ക് ഒഴൂർ ശാഖയിൽ 40649101073252 നമ്പറിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക്/ ക്യാഷ് ബുക്ക് പ്രകാരം 31.3.2023 ന് 14032/- രൂപയാണ് നീക്കിയിരിപ്പ്.

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| വരവ് | | | ചെലവ് | |
|---|---|---|---|---|
| മാസം | യൂസർ ഫീ | സ്ക്രാപ്പ് വില്പന | സാലറി | റിമാർക്സ് |
| 4/2022 | 113450 | 0 | 126214 | |
| 5 | 49850 | 0 | 0 | ശമ്പളമില്ല |
| 6 | 0 | 22575 | 111360 | |
| 7 | 62650 | 0 | 57792 | |
| 8 | 76073 | 28550 | 95311 | 20000 ഓണം അലവൻസ് |
| 9 | 84340 | 3850 | 0 | ശമ്പളമില്ല |
| 10 | 62550 | 21790 | 89444 | |
| 11 | 51550 | 10040 | 74325 | |
| 12 | 49500 | 29283 | 79750 | |
| 1/2023 | 50400 | 0 | 80569 | |

| | | | | |
|---|---|---|---|---|
| 2 | 55800 | 30439 | 81918 | |
| 3 | 66050 | 8819 | 99953 | |
| | **722213** | **155346** | **896636** | |

ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ആയതിൽ തന്നെ മതിയായ ഓഫീസ് സൗകര്യങ്ങളോ ഫർണിച്ചറോ വൈദ്യുതിയോ ലഭ്യമല്ല. ആയതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാൻ പോലും പരിമിതികൾ നേരിടുന്നു. കുടിവെള്ളത്തിന് സമീപ പ്രദേശത്തെ വീടിനെയാണ് നിലവിൽ ആശ്രയിച്ചു വരുന്നത്.

3)12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകളും നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. നിലവിലും സ്ഥലം വാങ്ങുന്നതിന്ന് തുക വകയിരുത്തിയ പ്രൊജക്ട് രൂപീകരിച്ചതായി കാണുന്നില്ല. എം സി എഫ് കൂടാതെ മിനി എം.സി.എഫുകളും നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

4) ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി സ്വന്തമായി വാഹനം നിലവിലില്ല . വാടക വാഹനത്തിനുള്ള ചെലവു പഞ്ചായത്ത് ആണ് നല്കി വരുന്നത്. ഹരിത കർമ്മസേനക്ക് ഇലക്ട്രിക്കൽ വാഹനം വാങ്ങാൻ നിലവിൽ അനുമതിയുണ്ട്. MCF സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സാഹചര്യം പരിഗണിച്ച് ഇലക്ട്രിക്കൽ വാഹനം പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതി വാങ്ങി പെട്രോൾ-ഡീസൽ വാഹനങ്ങളും വാങ്ങാവുന്നതാണ്. G.O.(Rt)No.2159/2022/LSGD Dtd.02-09-2022 ഉത്തരവ് പ്രകാരം മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് 3 Wheeler Electric ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്കപ്പ് വാൻ, ഡെലിവറി വാൻ തുടങ്ങിയ വാഹനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് (KAL) ൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ടു തുടർ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല.

5) മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഉണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചിട്ടില്ല.

6) മാർഗ്ഗരേഖ, ഖ. 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ഇക്കോ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

7)ഹരിത കർമ്മസേനാംഗങ്ങളുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തി ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.
8)വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുകയോ മാസാന്ത വർഷാന്ത സംക്ഷിപ്തം തയാറാക്കി ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
9)ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് അപൂർണ്ണമാണ്. ദിവസേനയുള്ള യൂസർ ഫീ കളക്ഷൻ വരവ്, സ്ക്രാപ്പ് ഇനങ്ങളും റിജക്റ്റഡ് മാലിന്യങ്ങളും വിറ്റു കിട്ടുന്ന വരവ്, ശമ്പള ഇനത്തിലുൾപ്പെടെയുള്ള വിവിധ ചെലവുകൾ തുടങ്ങിയവ പൂർണമായും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
10)രസീതി ബുക്കുകൾ സ്റ്റോക്കിലെടുത്തതും വിതരണം ചെയ്തതുമായ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുന്നില്ല.
11)യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തതിന്റെയോ കളക്ഷൻ കാർഡ് വിതരണം ചെയ്തതിന്റെയോ രേഖകൾ ലഭ്യമല്ല.
12)ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല. അപാകതകൾക്ക് മറുപടി നല്കേണ്ടതും ഇക്കാര്യത്തിലെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതുമാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം. 29/18-10-2023 ന മറുപടി ലഭ്യമായിട്ടില്ല. ഉചിതമായ തുടർനടപടി സ്വീകരിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 അലോപ്പതി മരുന്ന് വാങ്ങൽ. 135937രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (FHC ) നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 825805/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ

689868/- രൂപയുടെ മരുന്നുകൾ മാത്രമാണ് 18.10.2023 വരെ (ഓഡിറ്റ് തിയ്യതി) ലഭിച്ചിട്ടുള്ളത്. 135937/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | പ്രോജക്ടിന്റെ പേര്- കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ<br>പ്രോജക്ട് നമ്പർ-(13/23 )<br>ഫണ്ടിനം-MGറോഡിതരം<br>അടങ്കൽ-700000 | 510288<br>(ബിൽ നം. **11/20.12.2022)** | ഇൻവോയ്സ്- 22099/6.1.2023- 12320രൂ.<br>22188/6.1.2023 - 17136<br>22195/6.1.2023 - 39984<br>22301/7.1.2023 - 9072<br>22402/7.1.2023 - 14784<br>22671/ 11.1.2023 - 27720<br>22696/11.1.2023 - 59136<br>23274/ 16.1.2023 - 55440<br>24007/ 27.1.2023 - 23520<br>26273/ 2.3.2023 - 4985<br>27301/ 20.3.2023 - 74424<br>27438/ 23.3.2023- 37212<br>1183 / 24.4.2023 - 34451<br>1659/ 4.5.2023- 15680<br>6049/ 25.5.2023- 20832<br>12675/ 13.7.2023 - 46592<br>**ആകെ 493288** | 493288 |
| 2 | പരിരക്ഷാപദ്ധതി<br>പ്രോജക്ട് നമ്പർ-(139/23 )<br>ഫണ്ടിനം-പ്ലാൻ- ജനറൽ<br>അടങ്കൽ-1560000 | 110074<br>(ബിൽ നം.27/23.3.2023)<br>205443<br>(ബിൽ നം.26/21.3.2023) | ഇൻവോയ്സ്- 17945/19.9.2023- 97843രൂ.<br>ഇൻവോയ്സ്- 4139/18.5.2023- 98737രൂ. | 97843<br>98737 |
| ആകെ | | 825805 | ആകെ | 689868 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/17-10-2023 ബാക്കി ലഭിക്കാനുള്ള മരുന്ന് എത്തിക്കാമെന്ന് അറിയിച്ചതായാണ് മറുപടി ലഭ്യമാക്കിയത്. അവശേഷിക്കുന്ന 135937/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമയി നടക്കുന്നില്ല.

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കല് തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 2 യോഗങ്ങൾ മാത്രമാണ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നിട്ടുള്ളതെന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതുമുണ്ട്.. മോണിറ്ററിംഗ് കമ്മിറ്റികൾ പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-28/ 17.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടറിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക്പൂർണ്ണമായി ക്രഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ പുൽപ്പറമ്പ് എസ്.ബി.എെ. ലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 38869300903) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 12.10.2023 ന് 74021 രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടിൽ ദീർഘ കാലം പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഇത്തരത്തിൽ പണം സൂക്ഷിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ടി- തുക പ്രതിഫലിച്ചിട്ടില്ല. മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ വരവ് നഷ്ടം വരികയും ചെയ്യുന്നു. തുക പൂർണ്ണമായി തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 10/16.10.2023 നുള്ള മറുപടിയിൽ തുക ഉടനെ അടവാക്കുന്നതാണെന്ന് അറിയിച്ചു.

മുൻ വർഷങ്ങളിൽ ഇ- ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുകയിൽ ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 10/16.10.2023 നുള്ള മറുപടിയിൽ തുക ഉടനെ അടവാക്കുന്നതാണെന്നും എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുവാനുള്ള തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്നും അറിയിച്ചു.

തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9972 രൂപ തിരിച്ചടവാക്കി.

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തികളിൽ മോർഡ് സ്പെസിഫിക്കേഷനിലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെൻററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് ( 7841.67/$m^2$ – DSR-2018, Cost Index @ 36.44%,) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ വീതിയിലും കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിനാൽ ഫോം വർക്കിന്റെ ആവശ്യകതയില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ( 7540.07/m2 ) നൽകേണ്ടത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ- 2/2022-23/13.10.2023 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക താഴെ ചേർത്തിട്ടുള്ള വിധം

തിരിച്ചടവാക്കി

| ക്രമനമ്പർ | പ്രോജക്ട് വിവരം | തിരിച്ചടവാക്കിയ തുക | രശീതി നം. |
|---|---|---|---|
| 1 | ഓണക്കാട് ഒ.എൽ.എച്ച്.എസ്.കോളനി റോഡ് ഡ്രൈനേജ് നിർമ്മാണം<br>(62/23)<br>അടങ്കൽ/ ചെലവ്/ഫണ്ടിനം-413000/403550/ സി.എഫ്.സി<br>കരാറുകാരൻ- ശ്രീ. നൗഫൽ. പി.പി.( എസ്റ്റിമേറ്റ് നിരക്കിൽ)<br>വൗച്ചർ നമ്പർ- XVFC/2022-23 /P/8/6.7.2022 | 2042 | 1230101405/G101202 /17.10.2023 |
| 2 | കുറുവട്ടിശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണം<br>(63/23)<br>അടങ്കൽ/ ചെലവ്/ഫണ്ടിനം-400000/332671/ സി.എഫ്.സി<br>കരാറുകാരൻ- ശ്രീ. പി.അബ്ദുൽ അസീസ്,( 16.8% Below )<br>വൗച്ചർനമ്പർ- XVFC/2022-23 /P/100/30.3.2023 | 1914 | 1230101408/G101202 /18.10.2023 |
| 3 | കാട്ടിലങ്ങാടി കുറുവട്ടിശ്ശേരി ഡ്രൈനേജ് നിർമ്മാണം<br>(61/23)<br>അടങ്കൽ/ ചെലവ്/ഫണ്ടിനം-300000/246511/ സി.എഫ്.സി<br>കരാറുകാരൻ- ശ്രീ. പി.അബ്ദുൽ അസീസ്,( 16.9% Below )<br>വൗച്ചർനമ്പർ- XVFC/2022-23 /P/99/30.3.2023 | 1816 | 1230101409/G101202 /18.10.2023 |
| 4 | തറയിൽപ്പടി കക്കിടിപ്പാറ റോഡ് കൾവെർട്ട് നിർമ്മാണം<br>(65/23)<br>അടങ്കൽ/ ചെലവ്/ഫണ്ടിനം-200000/199024/ സി.എഫ്.സി<br>കരാറുകാരൻ- ശ്രീ. ശിവരാമൻ. വി, (എസ്റ്റിമേറ്റ് നിരക്കിൽ)<br>വൗച്ചർനമ്പർ- XVFC/2022-23 /P/56/26.8.2022 | 1716 | 1230101407/G101202 /17.10.2023 |
| 5 | പുൽപ്പറമ്പ് മുടങ്ങൽ കുറുവട്ടിശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണം<br>(64/23)<br>അടങ്കൽ/ ചെലവ്/ഫണ്ടിനം-400000/352341/ സി.എഫ്.സി<br>കരാറുകാരൻ- ശ്രീ. കെ. മുസ്തഫ, | 2484 | 1230101406/G101202 /17.10.2023 |

| | | | |
|---|---|---|---|
| | (എസ്റ്റിമേറ്റ് നിരക്കിൽ)<br>വൗച്ചർനമ്പർ- XVFC/2022-23 /P/4/5.7.2022 | | |
| | ആകെ | 9972 | |

മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്

## 1-33 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതു മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ 6.7.2021 ന് പൂർത്തീകരിക്കേണ്ടതായ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കോവിഡ് പശ്ചാത്തലത്തിൽ സ.ഉ.(സാധാ)നം.1444/2021/ത.സ്വ.ഭ.വ,തി-31.7.2021 ലെ നിർദ്ദേശം പരിഗണിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 5.10.2021 ലെ 2/1 നമ്പർ തീരുമാന പ്രകാരം 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | ഓണക്കാട് ഒ.എൽ.എച്ച്.എസ്.കോളനി റോഡ് ഡ്രൈനേജ് ആന്റ് റീടാറിംഗ് (32/23)<br>അടങ്കൽ-1000000<br>ടി.എസ്. 1000000<br>TS.NO. 66633/20-21<br>കരാറുകാരൻ. ശ്രീ. സലീം. സി.ടി.<br>പി.എ.സി-767933<br>എഗ്രിമെന്റ് നം.57/AE /LSGD/OZR/20-21/7.1.2021<br>ബിൽ നം. 11/17.10.2022<br>സൈറ്റ് ഏറ്റെടുത്തത് -7.1.2021<br>എം.ബുക്ക് നമ്പർ-212/20-21<br>Duration- 6 Months (As Per TS Slip)<br>ചെലവ് തുക- 850059 (നികുതിയുൾപ്പെടെ) | 31.12.2021 | 4.5.2022 | 13417<br>[Ie, 1.1.2022 To 31.3.2022 (1%PAC)= 7679<br>1.4.2022 To 4.5.2022 (2% PAC)*34/91= 5738 |
| | **ആകെ** | | | **13417** |

ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 832500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 110/22 | 832000 | 500 |
| | 5000000 | ലൈഫ് ഭവന പദ്ധതി - 189/23 | 480000 | 4520000 |
| | 350000 | നെൽകൃഷി വികസനം 154/23 | 350000 | 0 |
| | 3500000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി- 193/23 | 1400000 | 2100000 |
| ജില്ലാ പഞ്ചായത്ത് | 277500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 110/22 | 128000 | 149500 |
| | 3500000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി- 193/23 | 353626 | 3146374 |

### 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | തുക (₹) | | | തുക (₹) |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മണലിപ്പുഴ ആരോഗ്യ ഉപകേന്ദ്ര കെട്ടിടനിർമ്മാണത്തിന് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ-192/23 | 22150552005800462070/ 26.08.2022 | 56770 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | ലഭ്യമല്ല | 56770 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 9916435 | 8924000 | 8666883 | . | 10173552 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3388489 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3388489 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3634155 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 7647) | 876726 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8178) | 1403268 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8496) | 1354161 |
| ആകെ | 3634155 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2021-22 | 2-1 | 2330 | ഹർഷദ് ,ഡ്രൈവർ | 1<br>1220103340,25/01/2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/sp.cell/sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -Do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/sp.cell/sc D1/11 Dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -Do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 137919625 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 116328528 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 883332 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

185990

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 78,400 | ശ്രീ.മുരളീധരൻ നായർ.വി ,സെക്രട്ടറി |
| 1-22 | 56,770 | ശ്രീ.മുരളീധരൻ നായർ.വി ,സെക്രട്ടറി |
| 1-23 | 5,62,172 | ശ്രീ.മുരളീധരൻ നായർ.വി ,സെക്രട്ടറി |
| 1-16 | 1,85,990 | ശ്രീ.വിശ്വനാഥൻ.എം.ഹെഡ്മാസ്റ്റർ |
| ആകെ | 8,83,332 | |

**(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കുവാൻ |
|---|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ.എം.പി.എം.10/2032/2022(2), തീയ്യതി 03.10.2022 | 3 |
| 1999-2000 | കെ.എസ്.എ.എം.പി.എം.10/2032/2022(3), തീയ്യതി 03.10.2022 | 8 |
| 2000-2001 | കെ.എസ്.എ.എം.പി.എം.10/2518/2019(4), തീയ്യതി 12.03.2021 | 2 |
| 2001-2002 | കെ.എസ്.എ.എം.പി.എം.10/1136/2018, തീയ്യതി 06.08.2018 | 6 |
| 2002-2003 | കെ.എസ്.എ.എം.പി.എം.10/2518/2019(5), തീയ്യതി 08.03.2021 | 7 |
| 2004-2005 | കെ.എസ്.എ.എം.പി.എം.10/2032/2022(4), തീയ്യതി 03.10.2022 | 3 |
| 2006-2007 | കെ.എസ്.എ.എം.പി.എം.10/2032/2022(5), തീയ്യതി 03.10.2022 | 12 |
| 2007-2008 | കെ.എസ്.എ.എം.പി.എം.10/2032/2022(6), തീയ്യതി 06.10.2022 | 3 |
| 2008-2009 | കെ.എസ്.എ.എം.പി.എം.10/2032/2022(7), തീയ്യതി 06.10.2022 | 5 |
| 2009-2010 & 2010-2011 | കെ.എസ്.എ.എം.പി.എം.10/2032/2022(8), തീയ്യതി 06.10.2022 | 7 |
| 2011-2012 & 2012-2013 | എൽ.എഫ്.എം.24/629/15, തീയ്യതി 04.09.2015 | 18 |
| 2013-14 & 2014-15 | എൽ.എഫ്.എം.24/2062/16, തീയ്യതി 21.06.2017 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.10/1536/2017, തീയ്യതി 21.02.2018 | 19 |
| 2016-17 | കെ.എസ്.എ.എം.പി.എം.10/2264/2017, തീയ്യതി 28.07.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.10/2780/2018, തീയ്യതി 04.06.2019 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.10/565/2021, തീയ്യതി 28.06.2021 | 14 |
| 2019-20 | കെ.എസ്.എ.എം.പി.എം.10/1628/2022, തീയ്യതി 30.05.2022 | 21 |
| 2020-21 | കെ.എസ്.എ.എം.പി.എം.10/1629/2022, തീയ്യതി 30.05.2022 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.10/3100/2022, തീയ്യതി 18.05.2023 | 20 |

**ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**

എം.എ.11/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ozhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ozhoor Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Ozhoor Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   1. Ratios.
   2. Comparative amounts.

2.opening balance in the canara bank (A/C N0: 3786201000035) is not match with closing balance of the previous year.

3.Balance in the C.F.C account as B4 is not match with balance of the kerala gramin bank account 40(b) (A/C N0:40649101084249) uses for the same purpose.

4.closing balance in the kerala Gramin bank (A/C N0:40649101084249) as the financial statement is not match with Bank statement.

5.opening balance of the property tax as the current year D.C.B is not match with closing balance of the previous year financial statement

6.closing balance of the property tax as the D.C.B is not match with closing balance of the financial state.

7.Schedule B4 and B17 doesnot agree each other .

8.A.C.R is not prepared for âÂÂÂÂVimukthiâÂÂÂÂ grant.

9.Asset register not updated.

10.AFS Schedule (I6) does not match with ACR in the case of S.C.P fund .

11.AFS Schedule (I6) does not match with grant statement in the case of Non road fund .

12.demand and collection in the case of liscence fees for factories and traders is not match with balance.

13. The fllowing register is not updated

a.deposit register

b.loan register.

14.closing balance of all the bank is not included in the financial statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്